(ഡി) വനംവകുപ്പിൽനിന്നും അനുമതി ലഭ്യമായാൽ ഈ ജോലി ആരംഭിക്കുന്നതാണ്.

157 (940) കൊക്കാത്തോട് ഭാഗത്ത് വൈദ്യുതി എത്തിക്കാൻ നടപടി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ അരുവാപ്പുലം പഞ്ചായത്തിലെ 2 വാർഡുകൾ ഉൾപ്പെടുന്ന കൊക്കാത്തോട് ഭാഗത്തേയ്ക്ക് വൈദ്യുതി ഇതുവരെ എത്തിയിട്ടില്ല എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടേയ്ക്ക് വൈദ്യുതി എത്തിക്കാനായി എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കൊക്കാത്തോട് വൈദ്യുതി എത്തിക്കാനായി വനംവകുപ്പിന്റെ അനുമതി ആവശ്യമാണെങ്കിൽ ഇതിനായി വൈദ്യുതി വകുപ്പ് എന്ത് നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ;

(ഡി) അയ്യായിരത്തിലധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കൊക്കാത്തോട് ഭാഗത്തേയ്ക്ക് വൈദ്യുതി എത്തിക്കാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പ്രദേശം വൈദ്യുതീകരിക്കുന്നതിനായി 44,97,300 രൂപയ്ക്കുള്ള ഒരു എസ്റ്റിമേറ്റിന് 6.9.94-ൽ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയിരുന്നു. എന്നാൽ ഗുണഭോക്താക്കൾ മിനിമം ഗ്യാരന്റി എഗ്രിമെന്റ് വയ്ക്കാത്തതുകൊണ്ട് ഈ ജോലിക്ക് സാങ്കേതികാനുമതി നൽകാൻ കഴിഞ്ഞില്ല. എന്നാൽ വനത്താൽ ചുറ്റപ്പെട്ടു കിടക്കുന്നതിനാൽ, നിലവിലുള്ള കേന്ദ്രം വനം ആക്ട് അനുസരിച്ച് പുറകെനിന്നും വൈദ്യുതി ലൈനുകൾ ഈ പ്രദേശത്തേയ്ക്ക് വലിക്കുവാൻ സാധ്യമല്ല. ഈ പ്രദേശം വൈദ്യുതീകരിക്കാനുള്ള സാധ്യതകൾ ആരാഞ്ഞുകൊണ്ട് എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംഘം വിദഗ്ധർ 10.7.98-ൽ കൊക്കാത്തോട് സന്ദർശിക്കുകയുണ്ടായി. ഇ.എം.സി. ഡയറക്ടറുടെ റിപ്പോർട്ടിൽ ആ പ്രദേശത്ത് 700 കി.വാട്ട് ശേഷിയുള്ള ഒരു ചെറുകിട വൈദ്യുതി പദ്ധതിക്ക് സാധ്യത ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വേനൽക്കാലത്ത് ഈ സ്രോതസ്സ് വറ്റാനുള്ള സാധ്യതയുള്ളതിനാൽ വൈദ്യുതി ലൈനുമായി ഈ നിലയം ബന്ധിപ്പിക്കേണ്ടിവരും. ഒരു മിനി ജലവൈദ്യുത പദ്ധതിക്കുവേണ്ട വിശദമായ സർവ്വേ ഇപ്പോൾ വൈദ്യുതി ബോർഡിന്റെ കോന്നി ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ നടത്തിവരികയാണ്. വിശദമായ പദ്ധതി റിപ്പോർട്ട് കിട്ടിയാലുടൻ മേൽനടപടികൾ ആസൂത്രണം ചെയ്യുന്നതാണ്. ആദ്യഘട്ടമെന്ന നിലയ്ക്ക് 250 വീടുകളിൽ ജനപങ്കാളിത്തത്തോടെ സൗരവൈദ്യുതി എത്തിക്കുന്നതിന് കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ 50% സബ്സിഡി ലഭ്യമാക്കുവാൻ എനർജി മാനേജ്മെന്റ് സെന്റർ പ്രത്യേകം അപേക്ഷ നൽകിയിട്ടുണ്ട്. താമസിയാതെതന്നെ അനുമതി ലഭ്യമാവുമെന്ന് പ്രതീക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതി ലൈൻ വലിക്കുവാൻ വനംവകുപ്പിന്റെ അനുമതി സാധ്യമാവുമോ എന്ന് പരിശോധിച്ചുവരികയാണ്. വിശദമായ പദ്ധതി റിപ്പോർട്ട് കിട്ടിയാലുടൻ ലൈൻ റൂട്ട് തയ്യാറാക്കി വനംവകുപ്പിന്റെ അനുമതി തേടുന്നതാണ്.

(ഡി) കൊക്കാത്തോട് ഭാഗത്തേയ്ക്ക് വൈദ്യുതി എത്തിക്കുവാൻ ആകാവുന്ന എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്.

ജനകീയാസൂത്രണത്തിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന വാട്ടർ സപ്ലൈ സ്കീമുകൾക്ക് വൈദ്യുതി കണക്ഷൻ

158 (941)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന വാട്ടർ സപ്ലൈ സ്കീമുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാനുണ്ടാകുന്ന കാലതാമസംമൂലം നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാൻ വൈകുന്നതുമൂലം പഞ്ചായത്തുകൾക്ക് അതാതു വർഷങ്ങളിലെ പണം ചെലവഴിക്കാൻ കഴിയാതിരിക്കുന്നതും കുടിവെള്ളപ്രശ്നം പരിഹരിക്കാൻ കഴിയാതിരിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാട്ടർ സപ്ലൈ സ്കീമുകൾക്ക് എളുപ്പത്തിൽ വൈദ്യുതി കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) പാണ്ടിക്കാട് പഞ്ചായത്തിലെ വളരാട് പട്ടികജാതി കോളനിയിലേയ്ക്ക് വെള്ളം നൽകാൻ ഇ.എം.എസ്. പദ്ധതി പ്രകാരം നിർമ്മിച്ചമിനി വാട്ടർ സപ്ലൈ സ്കീമിന് വൈദ്യുതി നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വാട്ടർ സപ്ലൈ സ്കീമുകൾക്ക് ഒ.വൈ.ഇ.സി. അടച്ച കണക്ഷനുകളുടെ കൂട്ടത്തിൽ മുൻഗണന നൽകി കണക്ഷൻ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചു വരുന്നു. സാധനസാമഗ്രികളുടെ ലഭ്യത അനുസരിച്ച് കഴിവതും വേഗം കണക്ഷൻ നൽകാനുള്ള നടപടികൾ എടുത്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly